**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1196** | **27-07-2021 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് വ്യവസായ മേഖലയിൽ സ്ത്രീകൾക്ക് ഹോസ്റ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും അമ്മമാർക്കും താമസിക്കുന്നതിന് വേണ്ടി ഒരു ഹോസ്റ്റൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | എ)മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും അമ്മമാർക്കും ഹോസ്റ്റൽ സ്ഥാപിക്കുവാൻ വനിതശിശു വികസന വകുപ്പ തലത്തിൽ നടപടി സ്വീകരിച്ചിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും അമ്മമാർക്കും താമസിക്കുന്നതിനു വേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റ് സഹായത്തോടെ ഒരു ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് വനിതവികസന കോർപ്പറേഷൻ തയ്യാറാണെന്ന വിവരം അറിയിച്ചിട്ടുണ്ട്. |
| (ബി) | മേൽപറഞ്ഞ തരത്തിലുള്ള ഒരു ഹോസ്റ്റൽ സ്ഥാപിക്കുവാൻ കഞ്ചിക്കോട് വ്യവസായ മേഖലയിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ സ്ഥലം ലഭ്യമാണോ; വിശദാംശം അറിയിക്കാമോ? | (ബി) | (ബി) കഞ്ചിക്കോട് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും അമ്മമാർക്കും താമസിക്കുന്നതിന് വേണ്ടി ഹോസ്റ്റൽ സ്ഥാപിക്കുവാൻ വനിതശിശു വികസന വകുപ്പിന് കീഴിൽ സ്ഥലം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ